(സി) മേഖലാ യൂണിയനുകൾ നഷ്ടത്തിലായതിനാൽ ക്ഷീര കർഷകർക്ക് നൽകിവന്നിരുന്ന വേനൽക്കാല ഇൻസെന്റീവ് ഈ വർഷം നൽകുവാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ 2002-2003, 2003-2004 സാമ്പത്തിക വർഷത്തിൽ ഇവർക്ക് നൽകിയ വേനൽക്കാല ഇൻസെന്റീവിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം മേഖലാ യൂണിയന് 117.07 ലക്ഷം രൂപയും എറണാകുളം മേഖലാ യൂണിയന് 95 ലക്ഷം രൂപയും, മലബാർ മേഖലാ യൂണിയന് 70.42 ലക്ഷം രൂപയും നഷ്ടം ഉണ്ടായിട്ടുണ്ട്.

(സി ആന്റ് ഡി) തിരുവനന്തപുരം മേഖലാ യൂണിയൻ ഒഴികെ മറ്റ് രണ്ട് മേഖലാ യൂണിയനുകളും 2003-2004 വർഷം വേനൽക്കാല ഇൻസെന്റീവ് നൽകിയിട്ടുണ്ട്. തിരുവനന്തപുരം മേഖലാ യൂണിയൻ 2002-2003 വർഷം 50.93 ലക്ഷം രൂപ ഇൻസെന്റീവായി നൽകിയിട്ടുണ്ട്. എറണാകുളം മേഖലാ യൂണിയൻ 2002-2003 വർഷം 38.55 ലക്ഷം രൂപയും, 2003-2004 വർഷം 78.88 ലക്ഷം രൂപയും ഇൻസെന്റീവായി നൽകിയിട്ടുണ്ട്. മലബാർ മേഖലാ യൂണിയൻ 2002-2003 വർഷം 293.94 ലക്ഷം രൂപയും 2003-2004 വർഷം 66.79 ലക്ഷം രൂപയും ഇൻസെന്റീവായി നൽകിയിട്ടുണ്ട്.

ക്ഷീര സഹകരണ സംഘം ഇൻസ്പെക്ടർമാരുടെ നിയമനം

114 [2083] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര വകുപ്പിലേക്ക് മാറ്റി നിയമിച്ച ക്ഷീര സഹകരണ സംഘം ഇൻസ്പെക്ടർമാരെ ഇപ്പോൾ സഹകരണ വകുപ്പിലേക്ക് തിരിച്ചയയ്ക്കുന്ന സാഹചര്യത്തിൽ ഇതേ ജോലികൾ നിർവ്വഹിക്കുന്നതിനായി ക്ഷീര വികസന വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ നിയമിക്കാത്തതിന് കാരണം വ്യക്തമാക്കാമോ;

(ബി) ക്ഷീര സഹകരണ സംഘങ്ങളിലെ ഇൻസ്പെക്ടർമാരായി ജോലി ചെയ്യുന്നതിനായി സർക്കാർ തന്നെ വിദ്യാഭ്യാസവും പരിശീലനവും നൽകിയ എത്ര മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ ഉണ്ടെന്ന് വിശദമാക്കുമോ;

(സി) മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ ക്ഷീരസഹകരണ സംഘങ്ങളിലെ ഇൻസ്പെക്ടർമാരായി നിയമിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട കോടതി എന്തെങ്കിലും വിധി പ്രസ്താവിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നിശ്ചിത യോഗ്യതയും പരിശീലനവും സർക്കാർ തന്നെ നൽകിയ ക്ഷീരവികസന വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ ക്ഷീര സഹകരണ സംഘങ്ങളിലെ ഇൻസ്പെക്ടർമാരായി നിയമിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(എഫ്) ഇവരെ എന്നത്തേക്ക് സീനിയോരിറ്റി പ്രകാരം ക്ഷീര സഹകരണ സംഘങ്ങളിലെ ഇൻസ്പെക്ടർമാരായി നിയമിക്കാൻ കഴിയുമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) അഡീഷൻ ടു ദി കേഡർ ആയി സഹകരണ വകുപ്പിൽനിന്നും ക്ഷീര വികസന വകുപ്പിൽ പ്രവർത്തിച്ചിരുന്ന സഹകരണ സംഘം ഇൻസ്പെക്ടർമാരെ ടി തസ്തികകൾ നിർത്തലാക്കിയതിനാൽ മാതൃവകുപ്പിലേക്ക് തിരിച്ച് വിളിക്കുകയുണ്ടായിട്ടുണ്ട്. ക്ഷീര വികസന വകുപ്പിൽ ഇപ്പോൾ സഹകരണ വിദ്യാഭ്യാസ യോഗ്യത നേടിയ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ സഹകരണ സംഘം ഇൻസ്പെക്ടർമാരായി നിയമിക്കാൻ പോസ്റ്റുകളില്ല.

(ബി) ക്ഷീര വികസന വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് ആർക്കുംതന്നെ ക്ഷീര സഹകരണ സംഘങ്ങളിലെ ഇൻസ്പെക്ടർമാരായി ജോലി ചെയ്യുന്നതിനായി സർക്കാർ വിദ്യാഭ്യാസവും പരിശീലനവും നൽകിയിട്ടില്ല. എന്നാൽ ക്ഷീരവികസന വകുപ്പിലെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് (സഹകരണം) തസ്തികയിലേക്ക് നിയമിക്കുന്നതിന് യോഗ്യത നേടാനായി വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ സീനിയോരിറ്റി ക്രമത്തിൽ എല്ലാ വർഷവും എച്ച്. ഡി. സി./ജെ. ഡി. സി. കോഴ്സിന് നിയോഗിച്ചുവരുന്നുണ്ട്.

(സി) മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ ഫയൽ ചെയ്ത ഒ. പി. നമ്പർ 20383/2000 ബി-യിലും റിട്ട് അപ്പീൽ നമ്പർ 3035/2000-ന്റേയും 11-2-2004-ലെ ഹൈക്കോടതി ഉത്തരവ്പ്രകാരം ഇക്കാര്യത്തിൽ ജീവനക്കാരുടെ സംഘടന നൽകിയ നിവേദനം പരിഗണിക്കുവാനും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ ക്ഷീര സഹകരണ സംഘം ഇൻപെക്ടർമാരായി പരിഗണിക്കുന്നതിനുള്ള സ്പെഷ്യൽ റൂൾസ് ഗവൺമെന്റ് ക്ഷീരവികസന വകുപ്പുമായും സഹകരണ വകുപ്പുമായും അഭിപ്രായം ആരാഞ്ഞ് അടിയന്തിരമായി തീർപ്പാക്കാൻ വിധി പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും 7-11-2003-ലെ സ. ഉ. (എം.എസ്.) നമ്പർ 174/2003/കൃ.വ. നമ്പർ ഉത്തരവ് പ്രകാരം ക്ഷീരവികസന വകുപ്പിലെ സഹകരണ ഇൻസ്പെക്ടർമാരുടെ തസ്തികകൾ നിർത്തലാക്കിയതിനാൽ നിലവിൽ വകുപ്പിൽ ടി തസ്തികകൾ ഒന്നുംതന്നെയില്ലാത്തതിനാൽ ടി ആവശ്യത്തിനായി സ്പെഷ്യൽ റൂൾ ഭേദഗതി ആവശ്യമില്ല എന്ന് സർക്കാർ എടുത്തിട്ടുള്ള തീരുമാനം പുനഃപരിശോധിക്കേണ്ട സാഹചര്യം ഇപ്പോഴില്ല എന്ന് പരാതിക്കാരുടെ അഡ്വക്കേറ്റിനേയും അഡ്വക്കേറ്റ് ജനറലിനേയും അറിയിച്ചിരിക്കുന്നു.

(ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

†അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ക്ഷീര സഹകരണ സംഘം ഇൻസ്പെക്ടർ എന്ന തസ്തിക ഇപ്പോൾ ക്ഷീരവികസന വകുപ്പിൽ നിലവിലില്ല.

(എഫ്) ഇവരെ ക്ഷീര സഹകരണ സംഘങ്ങളിലെ ഇൻസ്പെക്ടർമാരായി നിയമിക്കുന്നതിനുള്ള യാതൊരു തീരുമാനവും സർക്കാർ കൈക്കൊണ്ടിട്ടില്ല.

ഡയറി കെമിസ്റ്റ്, ടെക്നിക്കൽ സൂപ്രണ്ട് തസ്തികകളിൽ നിയമനം

115 [2084] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ തിരുവനന്തപുരം റീജിയണൽ കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ ലിമിറ്റഡിൽ കരാർ അടിസ്ഥാനത്തിൽ ഡയറി കെമിസ്റ്റ്, ടെക്നിക്കൽ സൂപ്രണ്ട് തസ്തികകളിൽ ഓരോന്നിലും എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇവർ ആരെല്ലാമാണെന്നും ഇവർക്ക് പ്രതിമാസം നൽകിയിട്ടുള്ള പേ, അലവൻസ് (ഡി. എ. + എച്ച്.ആർ.എ.) എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) മാനേജിംഗ് ഡയറക്ടറുടെ 12-3-2003 തീയതിയിലെ ടി. ആർ. യു./പി. ഇ. ആർ./2/2003 -ാം നമ്പർ ഉത്തരവുപ്രകാരം നിയമനം ലഭിച്ച ഐ. ജ്യോതി എന്ന ഡയറി കെമിസ്റ്റിന് ഉത്തരവിൽ പറയുംപ്രകാരം വേതനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ജ്യോതിക്ക് നിഷേധിച്ച ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും അത് പൂർണ്ണമായും അവർക്ക് നൽകാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഡയറി കെമിസ്റ്റ് തസ്തികയിൽ 3 പേരെയും, ടെക്നിക്കൽ സൂപ്രണ്ട് (ഡയറി) തസ്തികയിൽ 14 പേരെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇതിൽ കെമിസ്റ്റ് തസ്തികയിൽ ഒരാളും, ടെക്നിക്കൽ സൂപ്രണ്ട് തസ്തികയിൽ 6 പേരും മാത്രമേ തുടരുന്നുള്ളൂ.

(ബി) ഡയറി കെമിസ്റ്റ് തസ്തികയിൽ നിയമിക്കപ്പെട്ടവർ കെ. എസ്. ചിത്ര, സാം എം. ഫിലിപ്പ്, ഐ. ജ്യോതി എന്നിവരും, ടെക്നിക്കൽ സൂപ്രണ്ട് (ഡയറി) തസ്തികയിൽ നിയമിക്കപ്പെട്ടവർ സാജു കെ. പോൾ വർഗ്ഗീസ്, രാജേഷ് കെ. ജോസ്, അരൂപ് രവി, ദേവരാജ് ഹരിഹരൻ, നൈനാൻ തോമസ്, സുനിൽ കുമാർ, സോണി വർഗ്ഗീസ്, ഇന്ദു ബി., ആർ. വി. ദേവി, മനോജ് തോമസ്, ജമുന ടി. എസ്., നിഷ കെ., സുനിത പി. പി., ജി. ആർ. രഞ്ജു ഇവരുമാണ്. ഇതിൽ ഡയറി കെമിസ്റ്റ് ആയിരുന്ന ജ്യോതി ഒഴികെ ബാക്കിയുള്ളവർക്ക് പ്രതിമാസം ബേസിക് പേ 6,000 രൂപയും, ഗവൺമെന്റ് നിരക്കിലുള്ള ഡി. എ.-യും, ബേസിക് പേയുടെ 10 ശതമാനം എന്ന നിരക്കിൽ എച്ച് ആർ. എ.-യും നൽകുകയുണ്ടായി. ജ്യോതിക്ക് കൺസോളിഡേറ്റ് പേ 6,000 രൂപ നൽകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XIV

[നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരം 114 (2083) കാണുക.]

IN THE HIGH COURT OF KERALA AT ERNAKULAM

Present :

The Honourable Mr. Justice J. B. Koshy

&

The Honourable Mr. Justice K. Thankappan

Wednesday, the 11th February 2004/22nd Magha, 1925

WA. No. 3035 of 2000 (D)

Against the Judgment in O.P. 16283/1996, Dated 4-10-2000

Appellants/Petitioners:

1. V. Ramachandran, Head Clerk, Office of the Assistant Director of Dairy Development, Thaicaud, Trivandrum-695 014 and General Secretary, Kerala Dairy Development Department Ministerial Staff Association.
2. D. Sasidharan, Upper Division Clerk, Office of the Dairy Directorate, Pattom, Trivandrum-695 004 and President, Kerala Dairy Development Department Ministerial Staff Association (Reg. No. 97/1972)
3. T. P. Mani, Upper Division Clerk, Office of the Assistant Director, Dairy Development, Kottayam.
4. P. C. Vijayakumar, U. D. Clerk, Office of the Dairy Extension Officer, Thaikkattussery.
5. K. J. Joseph, U. D. Clerk, Office of the Dairy Extension Officer, Piravom.
6. T. N. Natarajan, U. D. Clerk, Office of the Assistant Director, Dairy Development, Civil Station, Kakkanad, Cochin-30.
7. V. K. Sasidharan, U. D. Clerk, Office of the Deputy Director, Dairy Development, Kannur.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XIV—(തുടർച്ച)

8. K. K. Thampi, U. D. Clerk, Office of the Deputy Director of Dairy Development, Thodupuzha.

By Adv. Sri M. K. Damodaran and Sri P. C. Sasidharan

Respondents/Respondents:

1. The State of Kerala represented by the Chief Secretary to Government, Secretariat, Trivandrum.
2. The Director of Dairy Development, Trivandrum.
3. The Secretary to Government Agricultural (Dairy) Department, Trivandrum.

By Government Pleader Sri K. G. Bhaskaran

This Writ Appeal having been finally heard on 11-2-2004, Along with O. P. No. 20383 of 2000 the Court on the same day delivered the following:

J. B. Koshy and K. Thankappan, JJ.

W.A. No. 3035 of 2000 and O.P. No. 20383 of 2000 B

Dated 11th February, 2004

JUDGMENT

Koshy, J.

Appellants and petitioners are ministerial staff employed in the Kerala Dairy Development Department. Their grievance is that even though they are qualified to hold the post of Inspectors, Inspectors are deputed from the Co-operative Department denying their promotional chances. It is the case of the Government that there are 20 Dairy Co-operative Societies and these societies are registered under the Co-operative Societies Act. For the efficient administration and inspection under the Co-operative Societies Act, qualified inspectors deputed from the Co-operative Department are necessary. It is the case of the petitioners that they are equally or more qualified persons in the ministerial staff. Earlier, they approached this Court which resulted in Ext. P-13 Judgment in O.P. No. 4893 of 1996. The following directions were issued by the above judgment:

LIBRARY ARCHIVES Kerala Legislative Assembly

"4. Under such circumstances, in the interest of justice, I direct the 1st respondent to consider Exts. P-8, P-10 and P-11 representations on merit and pass appropriate orders thereon as expeditiously as possible at any rate within a period of two months from the date of receipt of a copy of this judgment."

As per the above directions, Ext. P-14 was issued.

Operative portion of Ext. P-14 which is self-explanatory is extracted below:

"What is now suggested is that the posts presently manned by officers of the Co-operative Department may hence forth be manned by the ministerial staff of the Dairy Department after reverting the Co-operative Department personnel to their parent Department. This will not achieve anything substantial (other than improving the promotion prospects of the ministerial staff). The Dairy Department will also loose the valuable experience and expertise of the Co-operative Department personnel in the administration of Dairy Co-operatives. Hence, at the moment your above request cannot be accepted.

This is not to say, however, that the situation should continue indefinitely. After the Technical Officers of the Dairy Department acquire sufficient expertise in administering the Kerala Co-operative Societies Act and Rules and after sufficient number of ministerial employees acquire the requisite qualification, the Government will certainly consider manning of at least a portion of the posts by the ministerial staff of the Dairy Department who have acquired the requisite qualification."

There, it is stated that when ministerial staff acquire requisite qualification, Government will certainly consider manning of at least a portion of the post by the ministerial staff of the Dairy Development Department who had acquired the required qualification. Ext. P-14 was issued on 23-5-1996. The are many well-qualified persons who have passed the concerned Co-operative Department Test also in the ministerial department. Therefore, Government's promise in Ext. P-14 that they will be considered when they acquire the required qualification should be reconsidered now. They filed Ext. P-16 representation also.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XIV—(തുടർച്ച)

2. It is submitted in O.P. No. 20383 of 2000 that in fact, draft rules were also framed. But, that is also not being implemented. In the above circumstances, we direct the Government to consider and dispose of Ext. P-16 representation and finalise Ext. P-2 rules in O.P. No. 20383 of 2000 after getting the views from the Dairy Development Department as well as Co-operative Department as expeditiously as possible, in any event, within two months from the date of receipt of a copy of this judgment.

Both the writ appeal and the O.P. are disposed or accordingly.

(Sd.)
J. B. Koshy, Judge.

(Sd.)
K. Thankappan, Judge.

(True copy)

അനുബന്ധം XV

[നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരം 117 (2086) കാണുക.]

കേരള കാർഷിക സർവ്വകലാശാലയിൽ അനുവദിച്ചിട്ടുള്ള ടീച്ചിംഗ് സ്റ്റാഫ്
(1-1-2004 വരെ)

ഫാക്കൽറ്റി	പ്രൊഫസർ	അസോസിയേറ്റ് പ്രൊഫസർ	അസിസ്റ്റന്റ് പ്രൊഫസർ	ആകെ
(1)	(2)	(3)	(4)	(5)
അഗ്രിക്കൾച്ചർ . .	60	161	406	627
വെറ്ററിനറി . .	50	92	117	319
അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് . .	9	19	45	73
ഫിഷറീസ് . .	5	13	44	62
ആകെ	124	285	672	1081

LIBRARY ARCHIVES Kerala Legislative Assembly